I ഇ.ബി. XIII- കേരള നിയമസഭ/IX-10

# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2013 ജൂൺ 24, തിങ്കൾ

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**ഉത്തരത്തിലെ തിരുത്ത്**

പതിമൂന്നാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത 9-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം മുഖ്യമന്ത്രി മേശപ്പുറത്തുവച്ചു.

**ചരമോപചാരം**

ഉത്തരാഖണ്ഡ് ദുരന്തം

ഉത്തരാഖണ്ഡിലെ ഹിമാലയൻ സുനാമിയുടെ ഫലമായി ഉളവായിട്ടുള്ള സ്ഥിതിവിശേഷം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരോടുള്ള

ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## അടിയന്തര പ്രമേയം

### പരാതിപരിഹാര സെല്ലിലെ ജീവനക്കാരനെതിരെ ലൈംഗികാരോപണം

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെ പരാതിപരിഹാര സെല്ലിലേയ്ക്ക് വിളിച്ച കൊല്ലം സ്വദേശിനിയായ അദ്ധ്യാപികയോട് അവിടത്തെ ജീവനക്കാരൻ മോശമായി സംസാരിച്ചു എന്ന പരാതിയിന്മേൽ കേസ്സെടുത്ത് കുറ്റക്കാരനെ അറസ്റ്റുചെയ്യുന്നതിന് നിർദ്ദേശം നൽകാതെ നീതിനിർവ്വഹണം നിഷേധിക്കുകയും ഇരകളുടെ പേര് വെളിപ്പെടുത്തരുതെന്ന സുപ്രീം കോടതിയുടെ നിർദ്ദേശം ലംഘിക്കുകയും ചെയ്തതിനെത്തുടർന്ന് ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഇ. പി. ജയരാജൻ, വി. എസ്. സുനിൽകുമാർ, സി. കെ. നാണു, കോവൂർ കുഞ്ഞുമോൻ, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ആരോപണവിധേയനായ കോഴിക്കോട് പേരാമ്പ്ര സ്വദേശിയായ ഗിരീഷ്കുമാർ കരാറടിസ്ഥാനത്തിൽ കാൾ സെന്ററിൽ നിയമിക്കപ്പെട്ട വ്യക്തിയാണ്. യുവതി നൽകിയ പരാതിയിന്മേൽ വകുപ്പുതല അന്വേഷണം നടത്തുകയും പൊതുഭരണ വകുപ്പ് 18–06–2013–ൽ റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 19–06–2013–ന്

ഗിരീഷ്കുമാറിനെ സർവ്വീസിൽനിന്ന് നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഉണ്ണിക്കൃഷ്ണൻ, ജാഫർ എന്നിവർ യുവതിയെ ശല്യപ്പെടുത്തിയതായുള്ള പരാതി സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അടിയന്തര പ്രമേയത്തിന് ആധാരമായ എല്ലാ കാര്യങ്ങൾക്കും ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ഇ. പി. ജയരാജൻ: നിയമ ലംഘനത്തിന്റെ കേന്ദ്രമായി മുഖ്യമന്ത്രിയുടെ ഓഫീസ് മാറിയിരിക്കുകയാണ്. ഒരു ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപിക തന്റെ നിയമനവുമായി ബന്ധപ്പെട്ട സ്ഥലം മാറ്റത്തിനു വേണ്ടി മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിലേക്ക് വിളിച്ചിരുന്നു. പിന്നീട് തിരിച്ചുവിളിച്ച് മുഖ്യമന്ത്രിയെ നേരിൽക്കണ്ട് പരാതി നൽകാൻ അവസരമൊരുക്കാമെന്നും പ്രശ്നം പരിഹരിക്കാമെന്നും ഇതിന് താനുമായി ലൈംഗിക ബന്ധത്തിലേർപ്പെടണമെന്നും അവിടത്തെ ജീവനക്കാരനായ ഗിരീഷ് കുമാർ ആവശ്യപ്പെട്ടിരുന്നതായും അത് തിരസ്കരിച്ചതിനെത്തുടർന്ന് അയാളുടെ സുഹൃത്തുക്കളായ ജാഫർ, ഉണ്ണികൃഷ്ണൻ എന്നിവർ ഫോണിൽ വിളിച്ച് ശല്യപ്പെടുത്തിയിരുന്നതായും പരാതിക്കാരി പറഞ്ഞിരിക്കുന്നു. മേയ് 25-ന് മുഖ്യമന്ത്രിക്ക് ഇതുസംബന്ധിച്ച് നൽകിയ പരാതിയിന്മേൽ കേസ്സെടുക്കുന്നതിനുപകരം പരാതിക്കാരിക്ക് നീതി നിഷേധിക്കുകയും സുപ്രീംകോടതിയുടെ നിർദ്ദേശത്തെ ലംഘിച്ചുകൊണ്ട് ഇരയുടെ പേര് വെളിപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ജൂൺ 19-ന് ഗിരീഷ് കുമാറിനെ മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് പുറത്താക്കിയെന്നുപറഞ്ഞ് വ്യാജ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്. കരാർ ജോലിക്കാരനാണെന്ന് മുഖ്യമന്ത്രി വെളിപ്പെടുത്തിയ കെ. പി. ഗിരീഷ് കുമാറിന്റെ പേര് 2012-ൽ

പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ് പ്രസിദ്ധീകരിച്ച മീഡിയ ഹാന്റ് ബുക്കിൽ മുഖ്യമന്ത്രിയുടെ ജീവനക്കാരനായി രേഖപ്പെടുത്തിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ഓഫീസ് കേന്ദ്രീകരിച്ച് നടക്കുന്ന അസാന്മാർഗ്ഗിക പ്രവർത്തനങ്ങളുടെ വിവരങ്ങൾ പുറത്തുവരുന്ന സാഹചര്യത്തിൽ മുഖ്യമന്ത്രി രാജിവച്ച് അന്വേഷണം നേരിടണം. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ വ്യവസ്ഥകളനുസരിച്ചാണ് ഗവൺമെന്റ് തീരുമാനങ്ങളെടുത്തിട്ടുള്ളത്. താത്ക്കാലിക ജീവനക്കാരനായ ഗിരീഷ് കുമാറിനെ മുഖ്യമന്ത്രിയുടെ സ്റ്റാഫിൽ നിന്ന് പിരിച്ചുവിട്ടു. സലിം രാജിനെയും മറ്റു ചിലരേയും കുറിച്ചുള്ള പരാതിയിന്മേൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്. പോലീസ് അസോസിയേഷനെക്കുറിച്ചുള്ള ആരോപണത്തെത്തുടർന്ന് അവർതന്നെ നിയമനടപടിയിലേക്ക് പോകുകയാണ്. ഗവൺമെന്റ് ഇക്കാര്യങ്ങളിൽ സുതാര്യമായ നിലപാടാണ് എടുക്കുന്നത്. സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട കാര്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): എമർജിംഗ് കേരളയിൽ ടീം സോളാർ കമ്പനിയെ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ കത്ത് കൊടുത്തിട്ടില്ലെന്ന് പ്രതിയുടെ അഡ്വക്കേറ്റ് ഇപ്പോൾ വെളിപ്പെടുത്തിയിട്ടുണ്ട്. ശ്രീ. ഗിരീഷ് കുമാർ എന്റെ സ്റ്റാഫിൽപെട്ട ഒരാളല്ല. എന്റെ സ്റ്റാഫംഗമായി ഗിരീഷ് കുമാറിന്റെ പേര് ഹാന്റ് ബുക്കിൽ തെറ്റായി പി.ആർ.ഡി. അച്ചടിച്ചത് തിരുത്തിയിട്ടുണ്ട്. ഇതുപോലുള്ള രേഖകൾ

കാണിച്ച് യാഥാർത്ഥ്യങ്ങളെ തമസ്കരിക്കാൻ ശ്രമിക്കരുത്. പ്രസ്തുത പരാതി മുഖ്യമന്ത്രിക്ക് തന്നിട്ടുള്ളതല്ല. കാൾസെന്ററിൽ വന്ന പരാതിയുടെ അടിസ്ഥാനത്തിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി പിറ്റേദിവസം ഓർഡർ ഇഷ്യൂ ചെയ്തിട്ടുണ്ട്. മേയ് മാസം മുതൽ ശ്രീ. ഗിരീഷ് കുമാർ ഓഫീസിൽ ഹാജരായിട്ടില്ല. പരാതിക്കിടയാക്കിയ സംഭവം നടന്നത് ഏത് ദിവസമാണെന്ന് പരാതിയിൽ സൂചിപ്പിച്ചിട്ടില്ല. എല്ലാ കാര്യങ്ങളുംവച്ച് നിയമാനുസൃതമായ നടപടികളുമായി മുന്നോട്ടുപോകും. നിയമാനുസൃതമായിത്തന്നെയാണ് പരാതിക്കാരുടെ പേര് വിവരം വെളിപ്പെടുത്തിയിട്ടുള്ളത്. പ്രസ്സ് റിലീസ് കൊടുക്കുന്നതിന് മുമ്പുതന്നെ പരാതിക്കാരി സ്വയം പേര് വെളിപ്പെടുത്തിയിരുന്നു. തെറ്റ് ചെയ്തിട്ടുണ്ടെന്ന് തെളിഞ്ഞാൽ ബന്ധപ്പെട്ടവരുടെ പേരിൽ നടപടി സ്വീകരിക്കും. സത്യാവസ്ഥ പുറത്തുകൊണ്ടുവരുമെന്ന് ഞാൻ ഉറപ്പ് നൽകുകയാണ്.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(പ്രതിപക്ഷനേതാവിന്റെ പ്രസംഗത്തിനിടയിലുണ്ടായ പരാമർശത്തെ സംബന്ധിച്ചുള്ള ബഹളത്തെത്തുടർന്ന് സഭ രാവിലെ 10.26–ന് നിറുത്തിവയ്ക്കുകയും ഉച്ചയ്ക്ക് 12.47–ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ പുനരാരംഭിക്കുകയും ചെയ്തു)

## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവനകൾ

(1) <u>കാലവർഷക്കെടുതി</u>

സംസ്ഥാനം നേരിടുന്ന രൂക്ഷമായ കാലവർഷക്കെടുതിമൂലം ദുരിതമനുഭവിക്കുന്നവർക്കുവേണ്ടി സർക്കാർ സ്വീകരിച്ച ആശ്വാസ

നടപടികളെ സംബന്ധിച്ച് റവന്യൂവും കയറും വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശ് ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

(2) <u>ഉത്തരാഖണ്ഡിലെ പ്രളയം</u>

ഉത്തരാഖണ്ഡിലെ പ്രളയ മേഖലയിൽ കുടുങ്ങിയ മലയാളികളുടെ സുരക്ഷാക്രമീകരണങ്ങൾ സംബന്ധിച്ച് സംസ്ഥാന സർക്കാർ കൈക്കൊണ്ട നടപടികളെക്കുറിച്ച് ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി ശ്രീ. കെ. സി. ജോസഫ് പ്രസ്താവന നടത്തി.

(പ്രതിപക്ഷാംഗങ്ങൾ ബഹളം തുടർന്നതിനാൽ ശ്രദ്ധക്ഷണിക്കലും സബ്മിഷനും റദ്ദ് ചെയ്തുകൊണ്ട് അജണ്ടയിലെ അടുത്ത നടപടികളിലേയ്ക്ക് കടക്കുന്നതായി ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.)

## മേശപ്പുറത്തുവയ്ക്കുന്ന കടലാസ്സുകൾ

കാര്യവിവര പട്ടികയിലെ നാലാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

(1) 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ, 2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(2) സബ്ജക്ട് കമ്മിറ്റി III-ന്റെ 2013 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) സബ്ജക്ട് കമ്മിറ്റി VI-ന്റെ 2013 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2012–2013-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

(4) സബ്ജക്ട് കമ്മിറ്റി VII-ന്റെ 2012-2013-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(5) സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2013 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2012-2013-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

(6) സബ്ജക്ട് കമ്മിറ്റി IX-ന്റെ 2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടും 2013 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

## ധനകാര്യം

### 2013–2014 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVII – വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം (8205,61,67,000 രൂപ)

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം എന്ന XVII –ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

(ധനാഭ്യർത്ഥന ചർച്ച റദ്ദ് ചെയ്തു.)

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം എന്ന XVII–ാം നമ്പർ ധനാഭ്യർത്ഥന സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

### ധനാഭ്യർത്ഥനകളുടെ പരിഗണന പൂർത്തിയാക്കണമെന്ന പ്രമേയം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): " ജൂൺ 17–ാം തീയതി മുതൽ സഭാസ്തംഭനം തുടരുകയാണ്. സഭ സുഗമമായി നടത്തിക്കൊണ്ടുപോകുന്ന

തിന് സഹായകരമല്ലാത്ത സ്ഥിതിവിശേഷം സംജാതമായിരിക്കുന്നതിനാൽ ജൂൺ 25, 26, 27 ജൂലൈ 1, 2, 4 എന്നീ തീയതികളിലേയ്ക്ക് നിശ്ചയിച്ചിരിക്കുന്ന ധനാഭ്യർത്ഥനകൾ ഇന്നുതന്നെ പരിഗണനയ്ക്കെടുത്ത് പാസ്സാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും നിയമസഭ നടപടി ചട്ടം 236 (3) ഈ ആവശ്യത്തിലേയ്ക്കായി താൽക്കാലികമായി സസ്പെൻഡ് ചെയ്യണമെന്നും സഭാസമ്മേളനം ജൂലൈ 7-ാം തീയതിവരെ നിർത്തിവയ്ക്കണമെന്നും ഈ സഭ തീരുമാനിക്കുന്നു "എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

## പ്രസ്താവന

മി. സ്പീക്കർ: ഇക്കഴിഞ്ഞ ജൂൺ 17 മുതൽ തുടർച്ചയായി സഭാ നടപടികൾ തടസ്സപ്പെട്ടുകൊണ്ടിരിക്കുകയാണ്. ധനാഭ്യർത്ഥനകൾ ചർച്ച ചെയ്ത് പാസ്സാക്കുന്നതിനുവേണ്ടി ചേർന്ന ഈ സമ്മേളന കാലത്ത് പല ഡിമാന്റുകളും ചർച്ച കൂടാതെ പാസ്സാക്കേണ്ട സ്ഥിതിവിശേഷമാണുണ്ടായത്. അത്യന്തം നിർഭാഗ്യകരമായ അവസ്ഥയാണിത്. നിയമസഭയുടെ മുമ്പാകെയുള്ള അത്യാവശ്യ ധനകാര്യ ബിസിനസ്സുകൾ പൂർത്തീകരിക്കുക എന്ന ഭരണഘടനാ ബാദ്ധ്യത നിറവേറ്റുന്നതിനുവേണ്ടി സഭ അംഗീകരിച്ച പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ തുടർന്നുള്ള നടപടികളിലേയ്ക്ക് കടക്കുകയാണ്.

ധനകാര്യം (തുടർച്ച)

## 2013–2014 സാമ്പത്തികവർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ

## ധനാഭ്യർത്ഥനകൾ

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVIII – വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും (2224,77,03,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIX - കുടുംബക്ഷേമം (333,53,39.000 രൂപ)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XX – ശുദ്ധജലവിതരണവും

ശുചീകരണവും (755,60,65,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXVIII – ജലസേചനം (638,17,47,000 രൂപ)

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXII – നഗരവികസനം (849,55,34,000 രൂപ)

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXIV – തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും (608,47,73,000 രൂപ)

സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി (<u>ശ്രീ. സി. എൻ. ബാലകൃഷ്ണൻ</u>): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXVII – സഹകരണം (187,76,43,000 രൂപ)

പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. എ. പി. അനിൽകുമാർ</u>): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXV – പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റു പിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ( 1297,80,05,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLII – വിനോദസഞ്ചാരം (170,11,94,000 രൂപ)

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. സി. ജോസഫ്</u>): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXII – ക്ഷീരവികസനം (102,51,59,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXVI – ഗ്രാമവികസനം (268,15,29,000 രൂപ)

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXV - പഞ്ചായത്ത് (244,88,88,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLVI – സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

(1481,72,09,000 രൂപ)

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXVII - വ്യവസായങ്ങൾ

(610,37,36,000 രൂപ)

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയും ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX–ാം നമ്പർ ധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII–ാം നമ്പർ ധനാഭ്യർത്ഥനയും നഗരവികസനം എന്ന XXII–ാം നമ്പർ ധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും

എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയും പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റു പിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

**ചർച്ച കൂടാതെ പാസ്സാക്കുന്ന ധനാഭ്യർത്ഥനകൾ**

സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും

പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2013–2014 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നം സഭ അംഗീകരിക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 12.58–ന് പിരിഞ്ഞു.

-----